"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ ഡോ. മുത്തുകമാറിന് കെ.എസ് &എസ്.എസ്.ആർ ചട്ടം 31 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് താത്ക്കാലിക പ്രൊമോഷൻ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കൃഷി(മൃഗസംരക്ഷണ- ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.583/2019/എ.എച്ച്.ഡി　　　　　　　തീയതി, തിരുവനന്തപുരം, 24.12.2019.

==========================================================================

പരാമർശം:- 1. ഡോ.മുത്തുകമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ - 1991/19.

2. ഒ.എ - 1991/19 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.12.2019-ലെ താത്ക്കാലിക ഉത്തരവ്.

3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 19.12.2019-ലെ എ.എച്ച്.ഡി/7165/2019-ഡി1 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

മൃഗസംരക്ഷണ വകുപ്പിലെ സീനിയർ വെറ്ററിനറി സർജനായ ഡോ.മുത്തുകമാർ. വെറ്ററിനറി സർജൻ തസ്തികയിൽ തന്റെ തൊട്ടടുത്ത ജൂനിയറിന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കിയ തീയതി എന്നാണോ അന്നുമുതൽ സ്ഥാനക്കയറ്റം നല്കി എല്ലാ വിധ സർവീസ് ആനുകൂല്യങ്ങളും മുൻകാല പ്രാബല്യത്തോടെ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ 1991/19 ഫയൽ ചെയ്യുകയുണ്ടായി. കൂടാതെ ആയതിനോട് കൂടി എം.എ 2717/19-ഉം ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിന്റെ പരാമർശം (2) പ്രകാരമുള്ള ബഹു.ട്രിബ്യൂണലിന്റെ താത്ക്കാലിക ഉത്തരവിൽ ടിയാൻ 31.12.2019-ൽ സർവീസിൽ നിന്നും വിരമിക്കുന്ന സാഹചര്യം പരിഗണിച്ച് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് താത്ക്കാലികമായി ഉദ്യോഗക്കയറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദേശിച്ചിരുന്നു.

2013-ൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതും നിലവിൽ തിരുവനന്തപുരം ആർ.എ.എച്ച്.സി-യിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറായി ജോലി നോക്കി വരുന്നതുമായ ഡോ.മുത്തുകമാർ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ 31.12.2018 പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ 366-ാം സ്ഥാനത്താണുള്ളതെന്നും 11.11.2019-ൽ അഡ്ഹോക്ക് ഡി.പി.സി യോഗം കൂടിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ സെലക്ട് ലിസ്റ്റിൽ ഡോ.ഡി.രാമചന്ദ്രൻ വരെയുള്ള ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പരാമർശം (3) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ 09.04.2018-ൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഡോ.മുത്തുകമാറിന്റെ പ്രൊബേഷൻ 07.03.2019-ലെ സ.ഉ (സാധാ) നം.105/2019/എ.എച്ച്.ഡി പ്രകാരം 09.10.2018 തീയതി പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ടെന്നും അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് സ്പെഷ്യൽ റൂൾസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതയായ നിർബന്ധിത മൂന്ന് മാസത്തെ ട്രെയിനിംഗ്, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ നിന്നും 01.07.2019 മുതൽ 30.09.2019 വരെയുള്ള കാലയളവിൽ

ആർജ്ജിച്ചിട്ടുണ്ടെന്നും ഡോ.മുത്തുകുമാറിനെതിരെ [illegible] കേസുകളോ ഇപ്പോൾ നിലവിലില്ലായെന്നും [illegible] തിരുവനന്തപുരം ആർ.എ.എച്ച്.സി-യിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറായി ജോലി നോക്കി വരുന്ന ഡോ.മുത്തുകുമാർ ഫയൽ ചെയ്ത ഒ.എ നം. 1991/2019 നമ്പർ കേസിന്മേലുള്ള എം.എ നം.2717/19 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.12.2019-ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് സമയബന്ധിതമായി പാലിക്കേണ്ടതുള്ളതിനാലും അഡ്ഹോക്ക് ഡി.പി.സി കൂടുന്നതിനുള്ള സാവകാശമില്ലാത്തതിനാലും, ബഹു. കേരള ഹൈക്കോടതിയിൽ ടിയാന്റെ ജാതി സംബന്ധിച്ച് നിലവിലുള്ള WP (c) 5170/2009 കേസിന്റെ അന്തിമവിധികൾക്കും വിധേയമായി താത്ക്കാലികമായി ഉദ്യോഗക്കയറ്റം നല്കി തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഒഴിവുള്ള ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) തസ്തികയിൽ നിയമനം നല്കി ഉത്തരവാകണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു.കേരള ഹൈക്കോടതിയിൽ ടിയാന്റെ ജാതി സംബന്ധിച്ച് നിലവിലുള്ള WP(c)5170/2009 കേസിന്റെ അന്തിമവിധിക്ക് വിധേയമായി കെ.എസ് & എസ്.എസ്.ആർ ചട്ടം 31 പ്രകാരം ഡോ.മുത്തുകുമാറിന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഒഴിവുള്ള ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) തസ്തികയിൽ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഡോ.മുത്തുകുമാർ ഫയൽ ചെയ്ത ഒ.എ 1991/2019 കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം പാലിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.എസ്.ആർ**
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ. മുത്തുകുമാർ, അസിസ്റ്റന്റ് ഡയറക്ടർ (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ , കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, ബ്രാഞ്ച് ഓഫീസ്, കൊച്ചി.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നമ്പർ എ.എച്ച്.ഡി./7165/2019-ഡി.1 തീയതി: 26.12.2019

24.12.2019 ലെ സ.ഉ.(സാധാ)നം.583/2019/എ.എച്ച്.ഡി. പ്രകാരം ഡോ. മുത്തുകുമാർ എ.യ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവായിരിക്കുന്നു. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി നൽകുന്നു.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് -2
ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. ഡോ. മുത്തുകുമാർ എ., അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ആർ.എ.എച്ച്.സി., തിരുവനന്തപുരം (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
2. ജില്ല മൃഗസംരക്ഷണ ഓഫീസർ, തിരുവനന്തപുരം
3. ജെ. സെക്ഷൻ സൂപ്രണ്ട് / ജെ.1. ക്ലാർക്ക്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്
4. ഐ.ടി.സെൽ. (സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക്)
5. എക്സ്- സെക്ഷൻ സൂപ്രണ്ട്
6. സൂക്ഷിപ്പ് ഫയൽ -ഡി.1. സീറ്റ്